"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് – വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം – ഓഫീസ് നടപടിക്രമം സംബന്ധിച്ചുള്ള വകുപ്പുതല പരീക്ഷാ യോഗ്യത ആർജ്ജിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥഭരണപരിഷ്കാര(റൂൾസ്-എ) വകുപ്പ്

സ.ഉ.(അച്ചടി) നം.**19/2026/P&ARD** തീയതി,തിരുവനന്തപുരം, **02-11-2026**

പരാമർശം:- **1.** സ.ഉ. (പി) നം. **1/2014**/ഉ.ഭ.പ.വ. തീയതി: **03-01-2014.**

2. സ.ഉ. (അച്ചടി) നം. **4/2023**/ഉ.ഭ.പ.വ. തീയതി: **16-03-2023.**

3. സ.ഉ.(അച്ചടി) നം.**12/2025/P&ARD** തീയതി: **07-08-2025**

ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിന്റെ **10%** തസ്തികകളിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകാമെന്ന് പരാമർശം **(1)** ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2) പരാമർശം **(1)** ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ബാധകമായിട്ടുള്ള വകുപ്പുകളിൽ പ്രസ്തുത നിയമനത്തിന് ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകളോടൊപ്പം, പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർ **'Part II of Police Test'** യോഗ്യതയും, മറ്റ് വകുപ്പുകളിലെ ജീവനക്കാർ **'Manual of Office Procedure (MOP)'** യോഗ്യതയും നേടിയിരിക്കണമെന്ന് പരാമർശം **(2)** ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത യോഗ്യത നേടുന്നതിന് പരാമർശം **(2)** ഉത്തരവ് തീയതി മുതൽ രണ്ടു വർഷത്തെ ഇളവ് അനുവദിക്കുകയും, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടി യോഗ്യത നേടാത്തവരെ മുൻ തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

3) തുടർന്ന് പരാമർശം **(3)** ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിലേക്കായി ഓഫീസ് നടപടിക്രമം സംബന്ധിച്ചുള്ള വകുപ്പുതല പരീക്ഷാ യോഗ്യത നേടുന്നതിൽ നിന്നും **50** വയസ്സ് പൂർത്തിയായവർക്ക് ഇളവ്

നൽകാനാകില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും, ടെസ്റ്റ് യോഗ്യത നേടുന്നതിനുള്ള സമയപരിധി **15.03.2025** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി.

4) എന്നാൽ, **2026** ജനുവരി മാസത്തിൽ നടത്തേണ്ടിയിരുന്ന വകുപ്പുതല പരീക്ഷ പി.എസ്.സി **2026** ഏപ്രിൽ മാസത്തിലാണ് നടത്തിയതെന്നും ആയതിനാൽ, പ്രസ്തുത യോഗ്യത നേടുന്നതിന് സമയപരിധി വീണ്ടും ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും, **50** വയസ്സ് പൂർത്തിയായവരെ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാർ **'Part II of Police Test'** യോഗ്യതയും, മറ്റ് വകുപ്പുകളിലെ ജീവനക്കാർ **'Manual of Office Procedure (MOP)'** യോഗ്യതയും നേടുന്നതിന് പരാമർശം **(3)** ഉത്തരവ് പ്രകാരം അനുവദിച്ച സമയപരിധി ഒരു വർഷത്തേക്ക് കൂടി, അതായത് **16/03/2026** മുതൽ **15/03/2027** വരെ ദീർഘിപ്പിച്ചു നൽകിയും, മേൽസമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷയെഴുതിയ ജീവനക്കാരെ പരീക്ഷാഫലം വരുന്നതുവരെ താഴ്ന്ന തസ്തികയിലേക്ക് റിവർട്ട് ചെയ്യേണ്ടതില്ലായെന്ന് വ്യക്തമാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത്

സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.

വിവര പൊതുജനസമ്പർക്ക **(Web & New Media)** വകുപ്പ് {പ്രചാരണത്തിന്}.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, റൂൾസ്-ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Sajila T
Date: 02-11-2026
17:02:53
സെക്ഷൻ ഓഫീസർ